ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഓണത്തിനു് മുൻപു് ശമ്പളം കൊടുക്കാൻ അനുവാദം നൽകിയിട്ടില്ല. എന്നാൽ ശമ്പളത്തിന്റെ ഒരു ഓഹരി അഡ്വാൻസായി കൊടുക്കാൻ അനുവദിച്ചിട്ടുണ്ടായിരുന്നു.

(ബി) എല്ലായിടത്തും പ്രയോഗത്തിൽ വന്ന എന്നാണു് ഗവൺമെണ്ടിന്റെ വിശ്വാസം. ഇതേപ്പറ്റി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

BYE-ELECTIONS

***34.** [84] **Sri. K. Ramachandran:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government have transferred certain high officials of the Taluks immediately before the elections at Neyyattinkara and Nedumangad;

(*b*) the number of times State cars, vans, etc., were used and the mileage thus covered for purposes of election campaign by the ministers and their associates?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) The Tahsildars at Neyyattinkara and Nedumangad were transferred consequent on certain vacancies which existed.

(*b*) No State cars or vans were used for election campaign.

മി. കുഞ്ഞന്റെ സസ്പെൻഷൻ

*ന ൪. (വ്യ൯) ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമസമാധാനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇരിങ്ങാലക്കുട മജിസ്ട്രേട്ടു് മി. കുഞ്ഞന്റെ സസ്പെൻഷനു് ഉണ്ടായ മുതൽപേരുടെ കമ്മ്യൂണിസ്റ്റു് കേസുമായി വല്ല ബന്ധവുമുണ്ടോ;

(ബി) ഇല്ലെങ്കിൽ മി. കുഞ്ഞനെ സസ്പെൻഡ് ചെയ്യാനുള്ള കാരണങ്ങൾ എന്തെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ), (ബി)—ശ്രീ. കുഞ്ഞന്റെ പേരിലുള്ള കേസ്സു് അന്വേഷണത്തിൽ ഇരിക്കുന്നതുകൊണ്ടു് ടി സംഗതിയെപ്പറ്റി കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിവർത്തിയില്ല.

പോലീസു് മർദ്ദനം

*ന ൫. (വ്യ൭) ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമസമാധാനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) രാജ്യം ഭരിക്കുന്ന പോലീസു് മർദ്ദനത്തെ തടയുവാൻ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നു വ്യക്തമാക്കുവാൻ ദയവുണ്ടാകുമോ;

(ബി) ഒരു മാണിയുടെ മരണത്തിൽ കലാശിച്ച പെരുമ്പാവൂർ ലാക്കപ്പു മർദ്ദനത്തെപ്പറ്റി സ്ഥലം ഡി. എസ്. പി. നേരിട്ടന്വേഷിച്ചു് എന്തെങ്കിലും റിപ്പോർട്ടു് ഗവൺമെണ്ടിനു് ലഭിച്ചിട്ടുണ്ടോ;

(സി) ടി മരണത്തിനു് കാരണക്കാരനായി പറയപ്പെടുന്ന ഇൻസ്പെക്ടർ മി. സഖറിയായെ അറസ്റ്റു് ചെയ്യാൻ സാധിക്കാതെ വന്ന പരിതഃസ്ഥിതികൾ എന്താണെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly